**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5164** **12-08-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ധനകാര്യകമ്മീഷൻ 2021-22 വർഷത്തിൽ ഗ്രാന്റിനത്തിൽ എത്ര കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷം 15ാം കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശിപാർശ ചെയ്തിട്ടുള്ള മൊത്തം ഗ്രാന്റ് തുകയായ 2354 കോടി രൂപയിൽ കേന്ദ്ര സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ച ഒന്നാം ഗഡു ബേസിക് ഗ്രാന്റ് തുകയായ 240.60 കോടി രൂപ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രാന്റിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്രകോടി രൂപയുടെ കുറവ് 2021-22 വർഷത്തിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 15ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം പ്രാദേശിക സർക്കാരുകൾക്കുള്ള ധനകാര്യ കമ്മീഷൻ തുക കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൽ 58 കോടി രൂപയുടെ കുറവ് തനത് വർഷം ഉണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 559 കോടി രൂപ ആരോഗ്യ കേന്ദ്രങ്ങൾക്കുള്ള ഹെൽത്ത് ഗ്രാന്റ് ആണ്. ഇത് ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള പ്രത്യേക ആവശ്യ ഗ്രാന്റാണ്. ഇത് എല്ലാ പ്രാദേശിക സർക്കാരുകൾക്കും ലഭിക്കണമെന്നില്ല. |
| (സി) | ധനകാര്യകമ്മീഷൻ പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ കുടിവെള്ളം, ശുചിത്വം എന്നിവയ്ക്ക് പുറമേ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രത്യേക ഉദ്ദേശ ഗ്രാന്റിൽ 15ാം കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരമുള്ള മേഖലകൾക്ക് മാത്രമേ ടി തുക ചെലവഴിക്കാനാകുകയുള്ളൂ. പുതിയ മേഖലകൾക്കായി ഫണ്ട് അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല |

സെക്ഷൻ ഓഫീസർ